# പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2567** **12.03.2020-ൽ മറുപടിയ്ക്ക്**

**എഫ്.എൽ.3 ബാർ ലൈസൻസ് അനുവദിക്കുന്ന നടപടി**

| **ചോദ്യം**<br>**ശ്രീ.വി.ഡി.സതീശൻ** | **ഉത്തരം**<br>**ശ്രീ.ടി.പി.രാമകൃഷ്ണൻ**<br>**തൊഴിലും എക്സൈസും വകുപ്പുമന്ത്രി** |
|---|---|
| **എ)** സർക്കാരിന്റെ മദ്യനയത്തിന്റെ അടിസ്ഥാനത്തിൽ ത്രീ സ്റ്റാറും അതിന് മുകളിലുമുള്ള ഹോട്ടലുകൾക്ക് എഫ്.എൽ.3 ബാർ ലൈസൻസ് അനുവദിക്കുന്നതിൽ എന്തെങ്കിലും നിയന്ത്രണമുണ്ടോ; | **എ)** വിദേശമദ്യ ചട്ടം അനുശാസിക്കുന്ന യോഗ്യതയുള്ള 3 സ്റ്റാർ മുതൽ മുകളിലേയ്ക്ക് ക്ലാസിഫിക്കേഷനുള്ള ഹോട്ടലുകൾക്ക് എഫ്.എൽ.3 ലൈസൻസ് അനുവദിക്കുന്നതിന് നിയന്ത്രണം ഇല്ല. |
| **ബി)** ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ എത്ര ബാർ ഹോട്ടലുകൾക്കാണ് എഫ്.എൽ.3 ബാർ ലൈസൻസ് ഉണ്ടായിരുന്നത്; നിലവിൽ എത്ര ഹോട്ടലുകൾക്ക് പ്രസ്തുത ലൈസൻസ് ഉണ്ടെന്ന് അറിയിക്കുമോ; | **ബി)** ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 5 സ്റ്റാർ ക്ലാസിഫിക്കേഷനുള്ള 29 ബാർ ഹോട്ടലുകൾക്ക് എഫ്.എൽ.3 ബാർ ലൈസൻസ് ഉണ്ടായിരുന്നു. നിലവിൽ 598 ഹോട്ടലുകൾക്ക് പ്രസ്തുത ബാർ ലൈസൻസ് ഉണ്ട്. |
| **സി)** ബാർ ലൈസൻസിന് ഉള്ള വാർഷിക ലൈസൻസ് ഫീസ് കൂട്ടുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; അതിലൂടെ പ്രതിവർഷം എത്ര കോടി രൂപയുടെ വരുമാനമാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ? | **സി)** ബാർ ലൈസൻസിനുള്ള വാർഷിക ലൈസൻസ് ഫീസ് 28 ലക്ഷം രൂപയിൽ നിന്നും 30 ലക്ഷം രൂപയാക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതിലൂടെ പ്രതിവർഷം 11.96 കോടി രൂപയുടെ വരുമാനമാണ് പ്രതീക്ഷിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**